(ജി) എത്ര പഞ്ചായത്തുകളിൽ ചെറുകിട ജലസേചന പദ്ധതികൾ നടപ്പിലാക്കി ?

ഉത്തരം

(എ) 12,22,05,380.50 രൂപ
(ബി) 460 കനാലുകൾ
(സി) 98.
(ഡി) 217.
(ഇ) 1241.60 കി. മീറ്റർ.
(എഫ്) 2141 കി. മീറ്റർ.
(ജി) 594.

റാന്നി നിയോജക മണ്ഡലത്തിലെ വീടുകൾക്ക് നമ്പർ ഇടാൻ നടപടി

486. [601] ശ്രീമതി റെയ്ച്ചൽ സണ്ണി പനവേലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ റാന്നി നിയോജകമണ്ഡലത്തിലെ നാറാണം മൂഴി, വെച്ചൂച്ചിറ, വടശ്ശേരിക്കര എന്നീ പഞ്ചായത്തുകളിൽ 1977-ന് മുമ്പ് കുടിൽ കെട്ടി താമസിച്ചുവരും പട്ടയം നല്കുന്നതിനു വേണ്ടി വെരിഫിക്കേഷനുകളിൽ അർഹരാണ് എന്ന് തീരുമാനിക്കപ്പെട്ടവരുമായവരുടെ വീടുകൾക്ക് പഞ്ചായത്തുകളിൽ നിന്നും വീട്ടുനമ്പർ ഇട്ടുകൊടുക്കുന്നില്ല എന്നുള്ള പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് ഇത്തരം വീടുകൾക്ക് നമ്പറുകൾ ഇട്ടു കൊടുക്കരുത് എന്ന് എന്തെങ്കിലും നിർദ്ദേശം കൊടുത്തിരുന്നുവോ ;

(സി) ഈ വീടുകൾക്ക് നമ്പറുകൾ ഇട്ടുകൊടുക്കാൻ ആവശ്യമായ അനന്തര നടപടികൾ സ്വീകരിക്കാൻ ദയവുണ്ടാകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) പുറംപോക്ക് ഭൂമിയിൽ വച്ചിട്ടുള്ള വീടുകൾക്ക് നമ്പർ ഇട്ടുകൊടുക്കാൻ പാടില്ലായെന്ന് ഡിപ്പാർട്ടുമെന്റിന്റെ സർക്കുലർ ഉണ്ട്.

(സി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

പനച്ചിക്കാട് പഞ്ചായത്തിലെ പാലേത്തു കടവുപാല, പുളിവേലിക്കടവു പാലം എന്നിവയുടെ പണി

487. [602] ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പനച്ചിക്കാട് പഞ്ചായത്തിലെ പാലേത്തുകടവുപാല, പുളിവേലിക്കടവു പാലം എന്നിവയുടെ പണി നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

നടപടികൾ സ്വീകരിച്ചു വരുന്നു.

പാംപ്പാടി പഞ്ചായത്തിലെ കൂട്ടുങ്ങൽ പാലം പണി

488. [603] ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാംപാടി പഞ്ചായത്തിലെ കൂട്ടുങ്ങൽ പാലം പണി നടത്തുന്നതിന് എത്രയും വേഗം നടപടി സ്വീകരിക്കുമോ ?

ഉത്തരം

അന്വേഷിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

മലബാറിലെ ദേവസ്വങ്ങളുടെ ഭരണം

489. [604] ശ്രീ. സിറിയക് ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാറിലെ ദേവസ്വങ്ങളുടെ ഭരണ നിർവ്വഹണത്തിന് എന്തെങ്കിലും സംവിധാനമുണ്ടോ ;

(ബി) മേൽപ്പറഞ്ഞ ദേവസ്വങ്ങൾക്ക് ഗവൺമെൻറ് ഗ്രാൻറ് നൽകാറുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്രവീതം ;

(ഡി) ഗ്രാൻറ് നൽകുന്നതിനുള്ള മാനദണ്ഡമെന്ത് ?

ഉത്തരം

(എ) ഹിന്ദുമതധർമ്മസ്ഥാപന (ഭരണ) വകുപ്പ് ആണ് മലബാറിലെ ദേവസ്വങ്ങളുടെ ഭരണ മേൽനോട്ടം നടത്തുന്നത്.

(ബി) മലബാറിലെ കേടുപാടുകൾ സംഭവിച്ച ക്ഷേത്രങ്ങൾക്ക് പുനരുദ്ധാരണ പണികൾക്ക് വേണ്ടി 1985-86-ലും 1986-87-ലും സഹായധനം നൽകിയിട്ടുണ്ട്.

(സി) 1985-86-ൽ 10 ലക്ഷം രൂപയും 1986-87-ൽ 20 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ഡി) പ്രത്യേക മാനദണ്ഡങ്ങളൊന്നുമില്ല.

സംസ്ഥാനത്തെ ദേവസ്വം ബോർഡുകൾക്ക് ഗ്രാൻറ്

490. [605] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

25-5-1985-നു ശേഷം സംസ്ഥാനത്തെ ദേവസ്വംബോർഡുകൾക്ക് ഓരോ വർഷവും സർക്കാർ നൽകിയ ഗ്രാൻറ് എത്രയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

ഭരണഘടന അനുശാസിക്കുന്ന പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിന് എല്ലാവർഷവും 46.50 ലക്ഷം രൂപ ഗ്രാൻറായി അനുവദിക്കുന്നുണ്ട്. അത് 3 തവണകളായാണ് അനുവദിക്കുന്നത്. ഈ സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly